കാഷ്യൂബോർഡ് രൂപീകരിക്കൽ

12 [3450] *ശ്രീ. എ. എ. അസീസ്:*
,, *കോവൂർ കുഞ്ഞുമോൻ:* താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കൊല്ലം കേന്ദ്രമാക്കി കാഷ്യൂബോർഡ് രൂപീകരിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ കൊണ്ടുവരാൻ തയ്യാറാകുമോ?

ഉത്തരം

ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂരിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി

13 [3451] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *കെ. തോമസ് ചാഴികാടൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ വ്യവസായപാർക്ക് ആരംഭിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ട്. എത്ര കോടി രൂപയാണ് ഇതിന് ചെലവാകുന്നത്;

(സി) ഈ പദ്ധതിയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഇത് എന്നത്തേക്ക് നടപ്പാക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ടെക്സ്റ്റൈൽ വ്യവസായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ ഒരു ടെക്സ്റ്റൈൽ പാർക്ക് ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) പ്രസ്തുത പാർക്ക് നിർമ്മിക്കുന്നതിന് 120 ഏക്കർ സ്ഥലം ആവശ്യമുണ്ട്. 20 കോടി രൂപയുടെ കേന്ദ്ര ധനസഹായത്തോടുകൂടി ആരംഭിക്കുന്ന ഈ പദ്ധതിയുടെ മൊത്തം ചെലവ് ഏതാണ്ട് 30 കോടി രൂപയോളം വരും.

(സി) ഈ പദ്ധതിയുടെ പ്രാരംഭ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ടി പദ്ധതി രണ്ടുവർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly